**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 283** **12-03-2025 - ൽ മറുപടിയ്ക്ക്**

**റാഗിംഗ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് തടയുന്നതിനായി ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ് എന്നിവ രൂപീകരിക്കണമെന്ന് യു.ജി.സി. മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | UGC Anti-Ragging Regulations for curbing the Menace of Ragging in Higher Educational Institutions, 2009-ൽ ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ്, മോണിറ്ററിങ് കമ്മിറ്റി തുടങ്ങിയവ രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇപ്രകാരമുള്ള കമ്മിറ്റികൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | UGC Anti-Ragging Regulations for curbing the Menace of Ragging in Higher Educational Institutions, 2009-ൽ ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ്, മോണിറ്ററിങ് കമ്മിറ്റി തുടങ്ങിയവ രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | റാഗിംഗ് നടത്തുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പുവരുത്താനും റാഗിംഗ് തടയാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്നറിയിക്കുമോ; വിശദമാക്കുമോ? | (സി) | റാഗിംഗിനെതിരെയുള്ള യു.ജി.സി. യുടെ നിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നുണ്ട്. ഇത്തരത്തിലുള്ള കമ്മിറ്റികൾ/ സ്ക്വാഡുകൾ പ്രവർത്തിക്കാത്ത സ്ഥാപനങ്ങളിൽ യു.ജി.സി. ചട്ടങ്ങൾ പാലിച്ചുകൊണ്ട് റാഗിംഗ് വിരുദ്ധ സമിതി രൂപീകരിക്കുന്നതിനും ഇത്തരം കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകുന്നതാണ്. കൂടാതെ ഇതു സംബന്ധിച്ച് വിവിധ ബോധവത്കരണ ക്ലാസ്സുകളും പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. കോളേജ് ക്യാമ്പസുകളിൽ റാഗിംഗ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിംഗ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാ നടപടികളെ കുറിച്ചുള്ള അറിയിപ്പും പ്രദർശിപ്പിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് |

| | | | |
|---|---|---|---|
| | | | കീഴിലുള്ള കോളേജുകളിൽ അദ്ധ്യയന വർഷ ആരംഭത്തിൽ തന്നെ പുതിയ വിദ്യാർത്ഥികൾക്കായി പ്രത്യേക ഓറിയെന്റേഷൻ/ഇൻഡക്ഷൻ പ്രോഗ്രാം നടത്താറുണ്ട്. മാത്രമല്ല പ്രവേശനം നേടുന്ന അവസരത്തിൽ തന്നെ റാഗിംഗ് നടത്തുകയോ പിന്തുണയ്ക്കുകയോ ചെയ്യില്ലെന്ന പ്രതിജ്ഞ ഒപ്പ് വച്ച് വാങ്ങുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ